പതിനാലാം കേരള നിയമസഭ
നാലാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1735 06.03.2017-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെട്ട അപകടങ്ങൾ**

ചോദ്യം
ശ്രീ. ടി.വി.ഇബ്രാഹിം

ഉത്തരം
ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2016- ൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെട്ട എത്ര അപകടങ്ങൾ ഉണ്ടായി; ഇതുമൂലം ജീവഹാനി സംഭവിച്ചവർ എത്രയെന്നും പരിക്ക് പറ്റിയവർ എത്രയെന്നുമുള്ള വിവരം ലഭ്യമാക്കാമോ; | (എ) | 2016-ൽ ആകെ അപകടങ്ങൾ 1367 എണ്ണവും, അതിൽ മരണപ്പെട്ടവർ 173 പേരും, പരിക്ക് പറ്റിയവർ 2269 പേരുമാണ്. |
| (ബി) | 2017-ൽ ഫെബ്രുവരി 15 വരെ ടി ബസ്സുകൾ ഉൾപ്പെട്ട എത്ര അപകടങ്ങൾ ഉണ്ടായി; ഈ അപകടങ്ങളിൽ പരിക്കേറ്റവർ എത്രയെന്നും മരിച്ചവർ എത്രയെന്നുമുള്ള വിവരം ലഭ്യമാക്കാമോ; | (ബി) | 2017 ഫെബ്രുവരി 15 വരെ ആകെ അപകടങ്ങൾ 152 എണ്ണവും, അതിൽ മരണപ്പെട്ടവർ 13 പേരും, പരിക്ക് പറ്റിയവർ 188 പേരുമാണ്. |
| (സി) | കെ.എസ്.ആർ.ടി.സി. ബസ് ഡ്രൈവർമാർ ട്രാഫിക് നിയമലംഘനം പതിവാക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ; ഇത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി ബസ് ഡ്രൈവർമാർക്ക് ട്രാഫിക് നിയമങ്ങളെകുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനായി വിവിധതരം ട്രാഫിക് സിഗ്നലുകൾ, ട്രാഫിക് നിയമങ്ങൾ, മോട്ടോർ വാഹന നിയമങ്ങൾ എന്നീ വിഷയങ്ങൾ പാഠ്യ വിഷയങ്ങളായി ഉൾപ്പെടുത്തി ട്രാഫിക് ബോധവത്ക്കരണ ക്ലാസ്സുകൾ കെ.എസ്.ആർ.ടി.സി.യുടെ പരിശീലന കേന്ദ്രങ്ങളിലും യൂണിറ്റുകൾ കേന്ദ്രീകരിച്ചും നടത്തി വരുന്നു. കൂടാതെ ടി നിയമലംഘനം നടത്തിയതായി ശ്രദ്ധയിൽപെട്ടിട്ടുള്ള ഡ്രൈവർമാർക്ക് 5 ദിവസത്തിൽ കുറയാത്ത തിരുത്തൽ പരിശീലനവും നൽകി വരുന്നു. |
| (ഡി) | കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെടുന്ന അപകടങ്ങൾ കുറയ്ക്കു | (ഡി) | കെ.എസ്.ആർ.ടി.സി. ബസുകൾ ഉൾപ്പെടുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി, |

| | | | |
|---|---|---|---|
| | ന്നതിന് നിയമങ്ങൾ കർശനമായി നടപ്പാക്കുമോ? | | "സുരക്ഷിത ഗതാഗതവും ഉയർന്ന ഇന്ധനക്ഷമതയും കെ.എസ്.ആർ.ടി.സി.യിൽ" എന്ന പരിശീലന പരിപാടി 2012 ആഗസ്റ്റ് മാസം മുതൽ ആവിഷ്കരിക്കുകയും കെ.എസ്.ആർ.ടി.സി.യിലെ മുഴുവൻ ഡ്രൈവർമാർക്കും പ്രസ്തുത പരിശീലനം നൽകി വരികയും ചെയ്യുന്നു. കൂടാതെ അപകടങ്ങൾ ഒഴിവാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി മോട്ടോർ വെഹിക്കിൾ, ആരോഗ്യം, പോലീസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെ "അപകട രഹിത ഡ്രൈവിംഗ്" എന്ന തീവ്ര പരിശീലന പരിപാടി 2016 ആഗസ്റ്റ് മാസം മുതൽ കെ.എസ്.ആർ.ടി.സി.യുടെ വിവിധ പരിശീലന കേന്ദ്രങ്ങളിൽ വച്ച് നടത്തി വരുന്നു. കൂടാതെ അപകടത്തിൽപ്പെടുന്ന ഡ്രൈവർമാർക്ക് "തിരുത്തൽ പരിശീലന പരിപാടി" ഒരു തുടർ നടപടിയായി നടപ്പാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**